THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

# QUESTION BANK
# GRADE-X
# CHAPTER-VII

പണയം

**I.**ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക

**1.**പണയം എന്ന ചെറുകഥ എഴുതിയത് ആര്**?**

**2.**ഈ സന്തോഷ് കുമാർ രചിച്ച ബാലസാഹിത്യകൃതി ഏത്**?**

**3.**ആരുടെ ദുരന്താനുഭവം അനാവരണം ചെയ്യുന്ന കഥയാണ് പണയം**?**

**4.**ചെമ്പുമത്തായി ആരായിരുന്നു**?**

**5.**എത്ര രൂപയ്ക്കാണ് ചാക്കുണ്ണി റേഡിയോ പണയം വച്ചത്**?**

**6.**ആറാട്ടുകുന്നിൽ ആദ്യമായി റേഡിയോ വാങ്ങുന്ന പൗരൻ ആര്**?**

**7.**ചാക്കുണ്ണിയുടെ മകന് ഏറ്റവും ഇഷ്ടപ്പെട്ട പരിപാടി ഏതായിരുന്നു**?**

**8.**ഇതൊക്കെ കുട്ട്യോളെ പോലെ നോക്കേണ്ടതാ**?**എന്തിന് കുറിച്ചാണ് പറയുന്നത്**?**

**9.**ചാക്കോരു മാപ്ലയ്ക്ക് സ്വർണ്ണം ചോരേല്ണ്ടാർന്നതാ**,** ഒരച്ച് നോക്കാണ്ടന്നെ പറയും**.**ആരുടെ വാക്കുകൾ**?**

**10.**ഈ റേഡിയോം പാട്ടൊക്കെ ഇനിക്കത്ര പിടിത്തല്യാ മനുഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടൊള്**!**ആരു പറഞ്ഞതാണ് ഇത്**?**

**11.**ചെമ്പുമത്തായിയുടെ ജീവിതലക്ഷ്യം എന്തായിരുന്നു**?**

**12.**കള്ളുഷാപ്പുകൾക്കടുത്തെത്തിയപ്പോൾ ചാക്കുണ്ണി മുഖം തിരിച്ചത് എന്തുകൊണ്ട്**?**

**13.**'ഒരു റേഡിയോ വാങ്ങിക്കണം സുക്വോ' അയാൾ അഭിമാനത്തോടെ തെല്ലുറക്കെ പറഞ്ഞു ആര്**?**

**14.**കണ്ടക്ടർ സുകു ചാക്കുണ്ണിയിൽ നിന്ന് യാത്രക്കൂലി വാങ്ങാതിരിക്കാൻ കാരണമെന്താവാം**?**

**15.**ആറാട്ട് കുന്നിൽ റേഡിയോയെ ഭയക്കുന്ന അപൂർവ്വം ചിലർ ആരായിരുന്നു**?**

**16.**'റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു' ഈ വരികളിൽ സൂചിപ്പിക്കുന്ന അവസ്ഥ എന്ത്**?**

**17.**തയ്യൽക്കാരൻ ചാക്കുണ്ണിയുടെ പണയ മുതലിനെ കുറിച്ച് അയാൾ മറന്നുപോയി ആര്**?**

**18.**സ്വയം തെറ്റി അളന്ന ഉടുപ്പുകളിൽ കയറി കൂടിയിരിക്കുന്നത് പോലെ കാണപ്പെട്ടത് ആരെയാണ്**?**

**19.**"ചെമ്പു മത്തായിക്ക് ഒരുകാലത്തും മനസ്സിലായിരുന്നില്ല"എന്ത്**?**

**20.**ചാക്കുണ്ണിയുടെ മകൻ ആസ്വദിച്ചിരുന്ന പരിപാടി ഏത്**?**

**II.**ഉത്തരം എഴുതുക

**1.**റേഡിയോ സ്വന്തമാക്കാൻ ചാക്കുണ്ണി എന്തൊക്കെയാണ് ചെയ്തത്**?**

**2.**ചെമ്പു മത്തായിയുടെ സ്വഭാവസവിശേഷതകൾ എന്തെല്ലാം**?**

**3.** ചാക്കുണ്ണിയുടെ ജീവിതാവസ്ഥകൾ സൂചിപ്പിക്കുന്ന പരാമർശങ്ങൾ പാഠഭാഗത്തുനിന്നും കണ്ടെത്തുക**?**

**4.** കഥാപാത്രത്തെ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക**?**

**5.** റേഡിയോ പണയം വെച്ചതിനുശേഷം ഉള്ള ചാക്കുണ്ണിയുടെ അവസ്ഥ കഥാകൃത്ത് അവതരിപ്പിക്കുന്നത് എങ്ങനെ**?**

**6.**"തൻറെ കണക്കൊക്കെ തെറ്റീലോ"എന്നു പറഞ്ഞ് തിരിഞ്ഞു നോക്കാതെ നടക്കുന്ന ചാക്കോയുടെ ചിത്രം അനുവാചകനിൽ ഉളവാക്കുന്ന വികാരം എന്ത്**?** വ്യക്തമാക്കുക

**7.**"ഇതൊക്കെ കുട്ടോളെ പോലെ നോക്കേണ്ട സാധനങ്ങളാണ**.** റേഡിയോയുടെ പിന്നിൽ നോക്ക്യാ അറിയാം ഒരു കുട്ടിയുടെ പടം"**-** റേഡിയോ ഈ കഥയിൽ ശക്തമായ ഒരു സാന്നിധ്യമായി തീരുന്നതെങ്ങനെയെന്ന് കഥാസന്ദർഭങ്ങൾ പരിശോധിച്ച വിശദീകരിക്കുക**?**

**8.**"ഈ റേഡിയോപാട്ടൊക്കെ ഇനിക്കത്ര പിടിത്തല്യാ**.** മനുഷ്യരെ മെനക്കെടുക്കാൻ ഓരോ ഏർപ്പാടോള്**!** ആ നേരം വല്ല പണിയും എടുത്ത് നാല് കാശ്ണ്ടാക്കാം" അഭിപ്രായത്തോട് യോജിക്കാൻ ആവുമോ **?** ചർച്ച ചെയ്യുക